

എസ്. ഹരികിഷോർ ഐ.എ.എസ്

# സ്ത്രീ സംഘടനയെന്ന സംഘശക്തി

കെട്ടുറപ്പുള്ള സംഘടനാ സംവിധാനമാണ് കുടുംബശ്രീയുടെ കരുത്ത്. 2.77 ലക്ഷം അയൽക്കൂട്ടങ്ങളും 47ലക്ഷം അംഗങ്ങളുമടങ്ങിയ കുടുംബശ്രീ സംഘടനാ സംവിധാനത്തിന് അറിവും മാർഗനിർദ്ദേശങ്ങളും നൽകേണ്ടത് സംസ്ഥാന മിഷന്റെ പ്രധാന ജോലിയാണ്. അതിലും പ്രാധാന്യമുള്ള കാര്യം സംഘടനാ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ നിന്നും നല്ല മാതൃകകൾ മനസ്സിലാക്കി താഴേതട്ടിൽ നിന്നും ലഭിക്കുന്ന ഉൾക്കാഴ്ചകൾ കോർത്തിണക്കി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ട് മുന്നേറുക എന്നതാണ്. ഈ പ്രവർത്തനം തുടങ്ങുന്നതിന്റെ അടിത്തറ കഴിഞ്ഞ 6 മാസങ്ങളായി പടുത്തുയർത്തിക്കഴിഞ്ഞു.

കുടുംബശ്രീയുടെ വിവിധ പദ്ധതികളെക്കുറിച്ച് സി.ഡി.എസ് പ്രവർത്തകർക്കും, ഒരുപടി കൂടി കടന്നുചെന്ന് എ.ഡി.എസുകൾക്കും പരിശീലനം നൽകാൻ ഈ വർഷത്തിൽ നമുക്കു സാധിച്ചു. അയൽക്കൂട്ടതലത്തിൽ തുടങ്ങി ജില്ലാതലം വരെ കായികമേളയും, സംസ്ഥാനതലം വരെ കലാമേളയും സംഘടിപ്പിക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമാണ്. തങ്ങളുടെ കലാവാസനകൾ അവതരിപ്പിക്കാൻ അയൽക്കൂട്ടാംഗങ്ങൾക്ക് വേദി നൽകാൻ ഇതിലൂടെ സാധിച്ചു. കൂടാതെ കലാരംഗത്ത് താൽപര്യമുള്ളവരെ കോർത്തിണക്കി നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനും ഈ പദ്ധതി കൊണ്ട് നമുക്ക് കഴിഞ്ഞു.

പഞ്ചായത്തുമായുള്ള സമന്വയമാണ് കുടുംബശ്രീ പ്രവർത്തനങ്ങളുടെ കാതൽ. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായാണ് പഞ്ചായത്തുകളും കുടുംബശ്രീ സംവിധാനവും പ്രവർത്തിക്കേണ്ടത്. പഞ്ചായത്തുകൾക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാനും പദ്ധതികൾ നടപ്പിലാക്കാനും പരസ്പര സഹകരണത്തിലൂടെ പുതിയ ആശയങ്ങൾ ആവിഷ്കരിക്കാനും, വരുമാനദായക പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും ഈ കൂട്ടായ്മയ്ക്ക് സാധിക്കണം. ഇത് യാഥാർത്ഥ്യമാക്കിയ പഞ്ചായത്തുകളിലെല്ലാം മികച്ച നേട്ടമാണ് നമുക്ക് കാണാൻ കഴിയുക. ചിലയിടങ്ങളിൽ കുടുംബശ്രീയും പഞ്ചായത്ത് ഭരണസമിതിയുമായുള്ള അകൽച്ച ഉള്ളത് മാറ്റി സമന്വയം ഉറപ്പാക്കാനും പൊതുവായ ലക്ഷ്യമായ സാമൂഹ്യ പുരോഗതിയിലേക്ക് ഒരുമിച്ചു നടക്കാനും വേണ്ടി പഞ്ചായത്തും സി.ഡി.എസും ചേർന്നുള്ള പഠന പ്രക്രിയ 'സമന്വയം 2017'-ന് തുടക്കമിടാനും സാധിച്ചു എന്നത് സന്തോഷം നൽകുന്നു.

അയൽക്കൂട്ടങ്ങളിലൂടെ അറിവു നേടാനും, സാമൂഹ്യ മാറ്റത്തിന് ശക്തി പകരാനുള്ള ചിന്തകൾക്ക് തുടക്കമിടാനും, പ്രാദേശികമായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രായോഗിക അറിവുകൾ നൽകാനുമായി ആവിഷ്കരിച്ച 'കുടുംബശ്രീ സ്കൂൾ' പദ്ധതി ഈ വർഷം ഒക്ടോബർ, നവംബർ മാസങ്ങളിൽ നടപ്പിലാക്കുകയാണ്. ഓരോ അയൽക്കൂട്ടത്തിലും പന്ത്രണ്ട് മണിക്കൂർ (ആറു ദിവസം രണ്ടു മണിക്കൂർ വീതം) ക്ലാസാണ് കുടുംബശ്രീ സ്കൂൾ. കുടുംബശ്രീയുടെ പദ്ധതികളെക്കുറിച്ചും ആരോഗ്യ വിദ്യാഭ്യാസത്തെക്കുറിച്ചും, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രചാരണത്തിനുമെല്ലാം കുടുംബശ്രീ സ്കൂളിൽ ഇടമുണ്ട്. ഇതിനായുള്ള മൊഡ്യൂൾ തയ്യാറാക്കിക്കഴിഞ്ഞു. 1,20,000 വളണ്ടിയർ അധ്യാപകരിലൂടെ കുടുംബശ്രീ സ്കൂളിൽ ക്ലാസുകൾ നടക്കുമ്പോൾ, ലോകത്തെ ഏറ്റവും വലിയ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിനായിരിക്കും ഒരുപക്ഷേ തുടക്കമിടുക.

കുടുംബശ്രീ പ്രവർത്തനങ്ങളിലുള്ള ഒരു പ്രധാന വിടവ് 47 ലക്ഷം അയൽക്കൂട്ടാംഗങ്ങളിലേക്കും നയപരമായ തീരുമാനങ്ങളും പദ്ധതികളും എത്തിക്കാൻ സാധിക്കുന്നില്ല എന്നതാണ്. ഈ വിടവ് നികത്താനുള്ള നൂതന പദ്ധതി 'കുടുംബശ്രീ മൊബൈൽ ആപ്പി'ന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സ്മാർട് ഫോൺ ഉള്ള അയൽക്കൂട്ടാംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഫോൺ 'കുടുംബശ്രീ മൊബൈൽ ആപ്പ്' ഡൗൺലോഡ് ചെയ്തു കഴിഞ്ഞാൽ പരസ്പര ആശയവിനിമയത്തിനും, സംസ്ഥാന ജില്ലാമിഷനുകളിൽ നിന്നും പുതിയ വിവരങ്ങൾ എല്ലാവരിലേക്കും നൽകാനും എളുപ്പത്തിൽ സാധിക്കും. 2017 ഒക്ടോബറിൽ 10 ലക്ഷം കുടുംബങ്ങളിൽ ഈ ആപ്പ് എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ കുടുംബശ്രീയുടെ ഈ വാരികയും കൂടുതൽ ആളുകളിലേക്കും എല്ലാ അയൽക്കൂട്ടങ്ങളിലേക്കും എത്തിക്കാനുള്ള ക്യാമ്പയിനും നടന്നുവരികയാണ്. 'കുടുംബശ്രീ കമ്മ്യൂണിറ്റി റേഡിയോ' എന്ന ആശയവും ഈ വർഷം ആവിഷ്കരിക്കും.

പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കൂടുതൽ ശക്തി നൽകാനുള്ള ശ്രമങ്ങളാണ് ഈ വർഷത്തെ മറ്റൊരു പ്രധാന പ്രവർത്തനം. തീരദേശ മേഖലയിലുള്ള അയൽക്കൂട്ടങ്ങൾ, വയോജന അയൽക്കൂട്ടങ്ങൾ, ട്രാൻസ് ജെന്റർ, ശാരീരിക പരിമിതിയുള്ളവർ തുടങ്ങിയ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഫണ്ടുകൾ നൽകാൻ ലക്ഷ്യമിടുന്നു. ഇത്തരത്തിൽ നൂതന ആശയങ്ങൾ ആവിഷ്കരിച്ചും സംഘടനയുടെ കെട്ടുറപ്പിന് കരുത്തുനൽകിയും നമുക്ക് കുടുംബശ്രീ പ്രസ്ഥാനത്തെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാം.